LIBRARY ARCHIVES Kerala Legislative Assembly

**ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗവേഷണം**

24 (*264) ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗവേഷണ വികസന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

&

(ബി) സർവ്വകലാശാലകളിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ?

(എ&ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളും/സംരംഭങ്ങളും ചുവടെ ചേർക്കുന്നു :

I. കൈരളി ഗവേഷണ പുരസ്കാരങ്ങൾ:

ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്കാരം, റിസർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ. അവാർഡുകളുടെ നിർവ്വഹണ ചുമതല കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്.

1. കേരളത്തിലെ അംഗീകൃത സർവ്വകലാശാലയിൽനിന്ന് ഡോക്ടറൽ ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് നൂതന ഗവേഷണം തുടരുന്നതിനുള്ള അഞ്ചുലക്ഷം രൂപ വീതം അഞ്ചുവിഷയ മേഖലയിൽ നൽകുന്നു.

2. കേരളത്തിലെ യൂണിവേഴ്സിറ്റികളിലോ കോളേജുകളിലോ ഗവേഷണ മേഖലകളിൽ മികവ് പുലർത്തുന്ന ഫാക്കൽറ്റി അംഗങ്ങൾക്കുള്ള ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ അവാർഡ് നൽകുന്നത്, അവർ സമർപ്പിച്ച പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനുള്ള തുകയായിട്ടാണ്. ഇതും അഞ്ചുവിഷയ മേഖലയിൽ നൽകുന്നു.

3. ഇത് കൂടാതെ കേരളത്തിനുള്ളിലെതന്നെ സ്ഥാപനത്തിലെ അക്കാഡമിക് ഗവേഷണ പണ്ഡിതർക്കുള്ള രണ്ടരലക്ഷം രൂപയുടെ പ്രൈസ് തുക.

4. ഇന്ത്യയിലോ വിദേശത്തോ ഉള്ള മലയാളികളായ ഗവേഷണ പണ്ഡിതർക്കുള്ള അഞ്ചുലക്ഷം രൂപയുടെ അവാർഡ്.

II. സർവ്വകലാശാലകളുടെ പ്രവർത്തന മികവിന് നൽകുന്ന ചാൻസലേഴ്സ് അവാർഡ്:

ബഹു-വൈജ്ഞാനിക സർവ്വകലാശാലകൾക്ക് 5 കോടി രൂപയും സ്പെഷ്യ ലൈസ്ഡ് യൂണിവേഴ്സിറ്റി വിഭാഗത്തിൽ 1 കോടി രൂപയും അടങ്ങിയതാണ് ഈ അവാർഡ്. സർവ്വകലാശാലകളിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഈ അവാർഡ് പ്രോത്സാഹനജനകമാണ്.

III. എറുഡൈറ്റ് പദ്ധതി (Erudite- Scholar- in -Residence Programme):

ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ്' അഥവാ 'Scholar in Residence Scheme.' ഉന്നത വിദ്യാഭ്യാസ കൗൺസിൽ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ/അന്തർദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച, നോബൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നൊബേൽ സമ്മാന ജേതാക്കളടക്കമുള്ള ദേശീയ-അന്തർദേശീയ പ്രശസ്തരായ ഏകദേശം 300-ഓളം അക്കാദമിക പണ്ഡിതർ ഈ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ചു.

IV. ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം:

ആധുനിക ശാസ്ത്രസാങ്കേതിക മാനവിക വിഷയങ്ങളുമായി ബന്ധപ്പെട്ട ഗവേഷണ മേഖലകളും അവയിലെ നൂതന ഗവേഷണ പ്രവണതകളും രീതിശാസ്ത്രവും സംസ്ഥാനത്തെ സർവ്വകലാശാല കോളേജദ്ധ്യാപകർക്ക് പരിചയപ്പെടുത്തുന്നതിന്, വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

V. (FLAIR-Fostering Linkages for Academic Innovation & Research):

കോളേജദ്ധ്യാപകരുടെ ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഫ്ലെയർ (FLAIR- Fostering Linkages for Academic Innovation & Research) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി മുഖേന അദ്ധ്യാപകർക്ക് അവരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രബന്ധങ്ങൾ വിദേശ സർവ്വകലാശാലകളിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു. പദ്ധതിയുടെ ഭാഗമായി രാജ്യത്തിനകത്തും പുറത്തുമായുള്ള സ്ഥാപനങ്ങളിൽ ഹ്രസ്വകാല പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.

VI. ആസ്പയർ സ്കോളർഷിപ്പ് പദ്ധതി:

ടി പദ്ധതി മുഖേന അക്കാദമിക തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തര ബിരുദ ഗവേഷണ വിദ്യാർത്ഥികൾക്ക് രാജ്യത്തെ മികച്ച സ്ഥാപനങ്ങളുടെയും ഫാകൽറ്റികളുടെയും സേവനം പ്രയോജനപ്പെടുത്താവുന്ന വിധം ഹ്രസ്വകാല പ്രോജക്ടുകൾ ചെയ്യുന്നതിന് സ്കോളർഷിപ്പ് നൽകുന്നു.

VII. PLEASE - Performance Linked Encouragement for Academic Studies & Endeavour:

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോളേജുകളിലെ ഫാക്കൽറ്റികൾക്കോ ഡിപ്പാർട്ട്മെന്റുകൾക്കോ ഏതെങ്കിലും സർവ്വകലാശാലയുമായി ഇന്റേൺഷിപ്പിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുള്ള ഗവേഷണ പ്രോജക്ടുകൾ നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകുന്നതിനായി ലക്ഷ്യമിടുന്ന പുതിയ പദ്ധതിയാണിത്.

(സി) സംസ്ഥാനത്ത് ഗവേഷണം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ഗവേഷണ വിഷയങ്ങൾ ഗുണകരമായി പ്രയോജനപ്പെടുത്താൻ ആലോചിക്കുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാന സർവ്വകലാശാലകളിലെ ഗവേഷണഫലങ്ങൾ പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ "പ്രബുദ്ധത" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. തിരുവനന്തപുരം ജില്ലയിലെ കരകുളം പഞ്ചായത്തിലാണ് കുടുംബശ്രീയുടെ സഹായത്തോടുകൂടി ഒരു പൈലറ്റ് പ്രോജക്ടായി ഇത് നടപ്പിലാക്കിയത്. തിരുവനന്തപുരം ജില്ലയിലെ പ്രധാന ഗവേഷണ സ്ഥാപനങ്ങളും ഗവേഷണവുമായി ബന്ധപ്പെട്ട വ്യക്തികളും അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഗവേഷണ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ കരകുളം ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്തിരുന്നു. ഉദാഹരണത്തിന്, കേരള സർവ്വകലാശാലയിലെ ജിയോളജി വിഭാഗം അദ്ധ്യാപകർ പഞ്ചായത്തിലെ കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്താൻ മുന്നോട്ടുവന്നിരുന്നു. സാമൂഹിക, കാലിക പ്രസക്തമായിട്ടുള്ള തീസീസുകൾ ഉപയോഗപ്പെടുത്തി ഗവേഷണ മേഖലയിൽ വരുത്തേണ്ട ഉന്നമനങ്ങളെ കുറിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല ആലോചിച്ചുവരുന്നു. കൂടാതെ എം.ജി.യു. ഇന്നൊവേഷൻ ഫൗണ്ടേഷൻ, BIIC (Business Innovation & Incubation Centre) എന്നീ സർവ്വകലാശാല സെന്ററുകൾ ഇതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു. ഗവേഷണ മാർഗ്ഗനിർദ്ദേശങ്ങൾ, പേറ്റൻറുകൾ, പ്രോജക്ടുകൾ എന്നിവ നേടിയെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ടി സർവ്വകലാശാല സെന്ററുകൾ നൽകിവരുന്നു. എ.പി.ജെ. അബ്ദുൾകലാം സർവ്വകലാശാലയിൽ ഉല്പന്നങ്ങൾ വികസിപ്പിക്കാൻ സാധ്യമായ ഗവേഷണങ്ങൾക്ക് ധനസഹായം നല്കാനുള്ള പദ്ധതികളും ഗവേഷണ ഫലങ്ങൾക്ക് ബൗദ്ധിക സ്വത്തവകാശം ഉറപ്പാക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്. കേരള സർവ്വകലാശാലയിൽ മുഴുവൻ പ്രബന്ധങ്ങളും ഓൺലൈൻ പോർട്ടൽവഴി ശേഖരിച്ച് ഭാവി ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**മലബാർ മേഖലയിലെ ജലഗതാഗത വികസനം**

25 (*265) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ജലഗതാഗതം സാധ്യതകൾക്കനുസരിച്ച് പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വകുപ്പിന് മലബാർ മേഖലയിൽ പറശ്ശിനി, പയ്യന്നൂർ എന്നിവിടങ്ങളിലാണ് സർവ്വീസുകളുള്ളത്. പറശ്ശിനിയിൽനിന്നും അഴീക്കൽ വരെ ഒരു ടൂറിസം-കം-പാസഞ്ചർ സർവ്വീസ് നടത്തുന്നു. ടി ബോട്ടിൽ യാത്രയ്ക്കായി വരുന്നവർക്ക് കൂടുതൽ ആസ്വാദന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ടി മേഖലയിലെ മറ്റു ബോട്ടുകളിൽനിന്നും വ്യത്യസ്തമായി LED ലൈറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ സഞ്ചാരികൾക്ക് വിനോദ പരിപാടികൾ അവതരിപ്പിക്കുന്നതിന് ഒരു LED TV, സൗണ്ട് സിസ്റ്റം എന്നിവയും നല്കിയിട്ടുണ്ട്. സുഗമമായ യാത്രയ്ക്കായി സീറ്റുകൾ മോടിപിടിപ്പിക്കുകയും ബോട്ടിന്റെ ഉള്ളിൽ ചിത്രങ്ങൾ പെയിന്റിംഗ് ചെയ്ത് ഭംഗിയാ

LIBRARY ARCHIVES Kerala Legislative Assembly